**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 11** **22-02-2022 - ൽ മറുപടിയ്ക്ക്**

**നൂറ് ദിന പരിപാടികളിൽ ആലപ്പുഴയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച നൂറ് ദിന പരിപാടികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാറിന്റെ ആദ്യ നൂറുദിന പരിപാടി 2021 ജൂൺ 1 മുതൽ സെപ്റ്റംബർ 13 വരെ പ്രഖ്യാപിച്ച് നടപ്പിലാക്കി. അതിന്റെ ഭാഗമായി വിവിധ വകുപ്പുകൾ വഴി 184 പദ്ധതികൾ പ്രഖ്യാപിക്കുകയും, 139 എണ്ണം പൂർത്തീകരിക്കുകയും ശേഷിച്ചവ ത്വരിതഗതിയിൽ പൂർത്തിയാക്കിവരികയും ചെയ്യുന്നു. പ്രസ്തുത കർമ്മ പരിപാടിയിലൂടെ വിവിധ മേഖലകളിലായി 76,500-ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായാണ് 2022 ഫെബ്രുവരി 10 മുതൽ മെയ് 20 വരെ രണ്ടാമത്തെ നൂറു ദിന പരിപാടി പ്രഖ്യാപിച്ചിട്ടുള്ളത്. നവകേരളം കർമ്മ പദ്ധതിക്കൊപ്പം, പ്രകടനപത്രികയിലൂടെ അവതരിപ്പിച്ച ജനക്ഷേമ വികസന പദ്ധതികൾ എന്നിവയ്ക്ക് ഊന്നൽ നൽകി കൊണ്ടുള്ള പദ്ധതികൾക്കാണ് രണ്ടാം നൂറുദിന പരിപാടിയിൽ പ്രാമുഖ്യം നൽകിയിട്ടുള്ളത്. ഊർജ്ജം, കൃഷി അനുബന്ധം, ഗതാഗതം-പൊതുമരാമത്ത്, ഗ്രാമ വികസനം, ജലവിഭവ-ജലസേചനം, തദ്ദേശ സ്വയംഭരണം, പൊതുസേവനം, വ്യവസായ സാങ്കേതികം, ശാസ്ത്രീയസേവന ഗവേഷണം, സഹകരണം, സാമൂഹികസേവനം, സാമ്പത്തിക സേവനം എന്നീ മേഖലകളിലായി പ്രത്യക്ഷവും പരോക്ഷവുമായി 4,64,714 തൊഴിൽ ദിനങ്ങൾ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | ഒന്നാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | 2021 ജൂൺ 11 മുതൽ 2021 സെപ്റ്റംബർ 13 വരെ നടപ്പിലാക്കിയ ഒന്നാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി വിവിധ മേഖലകളിലായി ആലപ്പുഴ നിയോജകമണ്ഡലത്തിൽ താഴെക്കൊടുത്തിരിക്കുന്ന 15 പദ്ധതികളാണ് നടപ്പിലാക്കിയത്: 1 കൊല്ലം ആലപ്പുഴ ജില്ലകളെ ബന്ധി പ്പിക്കുന്ന വലിയ അഴീക്കൽ പാലം 2 കുട്ടനാട് ബ്രാൻഡ് അരി മില്ലിന്റെ നിർമ്മാണ പ്രവർത്തനാരംഭം 3 കുട്ടനാട് പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ച ഇലക്ട്രിക് സബ് |

| | | | |
|---|---|---|---|
| | | | സ്റ്റേഷൻ പ്രവർത്തനോദ്ഘാടനം 4 കുട്ടനാട്, അപ്പർ കുട്ടനാട് ആസ്ഥാനമാക്കി ഒരു സംഭരണ, സംസ്കരണ വിപണന സഹകരണ സംഘം രജിസ്റ്റർ ചെയ്ത് ആരംഭിക്കൽ 5 Multipurpose Cyclone shelter ഉദ്ഘാടനം 6 കിഫ്ബി റോഡ്-പാലം പദ്ധതി:- മാവേലിക്കര-പുതിയകാവ്-പള്ളിക്കൽ റോഡ് 7 ആലപ്പുഴ പൈതൃക പദ്ധതിയുടെ ഭാഗമായി ആലപ്പുഴയിലെ പുരാതന മോസ്ക് ആയ മാകും മസ്ജിദ് പുനരുദ്ധാരണം 8 ആലപ്പുഴ പൈതൃക പദ്ധതിയുടെ ഭാഗമായി 1888 ൽ സ്ഥാപിതമായ ലിയോ XIII സ്കൂളിന്റെ പുനരുദ്ധാരണം. 9 കാവാലത്ത് പുതിയ 110KV GIS (Gas Insulated Substation) സബ്സ്റ്റേഷന്റെ നിർമ്മാണോദ്ഘാടനം 10 കിടങ്ങറയിൽ പുതിയ 33KV സബ്സ്റ്റേഷന്റെ നിർമ്മാണോദ്ഘാടനം 11 ആലപ്പുഴ മെഡിക്കൽ കോളേജിൽ രോഗികൾക്കും കൂട്ടിരുപ്പകാർക്കും വേണ്ടി നിർമ്മിക്കുന്ന ആശ്വാസ് വാടക വീട് പദ്ധതിയുടെ ശിലാസ്ഥാപന കർമ്മം 12 സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ലഹരി വിമോചന ചികിത്സാ കേന്ദ്രത്തിന്റെ ഉദ്ഘാടനം 13 ആലപ്പുഴ എക്സൈസ് ഡിവിഷൻ ഡിജിറ്റൽ വയർലെസ് സിസ്റ്റം ഉദ്ഘാടനം 14 സബ് ട്രഷറി ഹരിപ്പാട് ഉദ്ഘാടനം 15 Excise Division-ലെ Digital wireless system-ത്തിന്റെ ഉദ്ഘാടനം |
| (സി) | നൂറ് ദിന പരിപാടിയിൽ ഈ വർഷം പുതുതായിഏതൊക്കെ പദ്ധതികളാണ് ആലപ്പുഴയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി ആലപ്പുഴയിൽ താഴെക്കൊടുത്തിരിക്കുന്ന 3 പദ്ധതികളാണ് ആവിഷ്കരിച്ച നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത് : 1 കുട്ടനാട് റൈസ് എക്കോസിസ്റ്റം പ്രോജ ക്റ്റിന്റെ സുസ്ഥിരവികസനം 2 ESI ആശുപത്രിയിൽ ICU സ്ഥാപിക്കൽ 3 ജവഹർ ബാലഭവൻ, ആലപ്പുഴ |

സെക്ഷൻ ഓഫീസർ